



Scanned with CamScanner



**കുളംകര,** അകലം തോന്നാത്ത വർഷങ്ങൾക്കപ്പുറം
ശബ്ദനാളത്തിൽ കിളിക്കൊഞ്ചൽ നിറഞ്ഞകാലത്ത്
അപ്പൂപ്പൻതാടിക്ക് ജീവനുണ്ടെന്ന് തോന്നിയ പകലിൽ
കുളംകര എന്നെതേടി വരുന്നു.
എന്നോ മറന്നുപോയ ഒരു കുട്ടിക്കളി
പിന്നെയാരും ഓർമ്മിച്ചില്ല
കളിച്ചില്ല
ഇന്നിന്റെ കണ്ണാകുന്ന സ്ക്രീനുകൾക്ക്
കുളംകര അന്യമാണ്. നമുക്ക് അന്യരായി
പോയ ചിലരുണ്ടല്ലോ, മറ്റാരുടെയൊക്കെയോ എല്ലാമായിരുന്നവർ
നാം കേട്ടുകളയുന്നവർ
ദിവസവും കാണുന്നവർ
ആഴത്തിൽ അറിയാത്തവർ
കുളംകരയെപ്പോലെ ചിലർ !
അവരാണ് ഈ മാഗസിന്റെ താളുകളിൽ.
സ്മൃതികളുടെ മേൽമണ്ണ് ഒലിച്ചുപോകുന്ന
വേരുകളുടെ കാലത്ത് ഞാൻ
മറ്റാരെപ്പറ്റിയാണ് പറയുക ?

സ്വന്തം
**അഭിലാഷ് എ.എൽ.**



Scanned with CamScanner

# Editorial Board



Dr. Sr. Soosamma Kavumpurath
Principal, Chief Editor

## Staff Editors



Radhika P. Menon
(English)



Asha Stephen
(Malayalam)



Dr. Satheesh Kumar
(Hindi)



Linda Pious
(French)

## Student Editors



Vaisakh, Rahul, Vishnu, Abhilash, Ancy, Bhagyalekshmi, Merin, Archa



Scanned with CamScanner




# ANNUAL REPORT

The year 2013 saw FMNC cross a significant milestone in its relentless march towards academic progress. It was re-accredited by the National Assessment and Accreditation Council (NAAC) and conferred an 'A' Grade, for overall excellence in the results of students and research output of teachers. The very next academic year (2014-2015) began auspiciously with the college winning autonomy, thus proving to all that we had attained creditable maturity in designing syllabi, crafting the academic calendar, conducting exams and declaring results - all in a fair and thorough manner.

## Highlights

| | |
|---|---|
| June 13 | Autonomy granted by UGC |
| July 3 & 4 | Orientation programme for I DC students |
| July 21 | Global Tiger Day was celebrated in collaboration with the Social Forestry dept, Govt. of Kerala by Dept. of Zoology |
| July 25 | Inter class Recitation competition by Dept. of English |
| August 24 | A workshop on 'Expeyes' |
| August 25 | Language Quiz by the Dept. of English |
| August 26 | All Kerala intercollegiate quiz competition and paper presentation by the Dept. of Commerce. |
| September 4 | Onam celebration for students |
| September 5 | Onam celebration for staff |
| October 10 | World Mental Health Day by the Dept of Psychology. Conducted "Dry Tree Challenge" to spread mental health awareness among college students. |
| October 21 | SSP inaugurated |
| October 23 | One day workshop on Media by the Dept. of Malayalam |
| October 24 & 25 | Retreat for students |
| November 18 | One day seminar on Film Studies by the Dept. of Malayalam |
| November 13 | Declaration of Autonomy |
| November 20 | College Union election |
| | Fr. Richard Fernandez Memorial Inter Department Quiz competion was organized |
| December 18 | Christmas celebration |
| December 31 | Union Inauguration |
| January 8 | One day seminar on Online Trading. |
| January 26 | FSA day celebration |
| February 2 | World Wet Land Day was celebrated in collaboration with WWF |
| February 18 | Arts day |
| February 19 | One day Seminar on Film studies by the Dept. of English |
| February 20 | Retreat for teachers |
| February 27 | National Science Day by the Department of Zoology in association with Swadesh Science movement, Kerala. |
| March 2 | Merit Day Celebration |
| March 5 | Sports day |
| March 7, 2015 | A Workshop on "Research Application SPSS" by the Dept of Psychology - Seminar arranged by IQAC |
| March 7 | First Board of Studies meeting of all departments |
| March 10 | Women's Day Celebration |
| March 21 | Second Board of Studies meeting of all departments |
| March 24 | College Day |
| March 30 | Farewell to the retiring staff |



Scanned with CamScanner

കലാലയത്തിലെ വിദ്യാർത്ഥികൾ ചെയ്ത ഇരുപതോളം ഷോട്ട് ഫിലിമുകൾ പ്രദർശിപ്പിച്ചു. ഈ പരിപാടിക്ക് വൻസ്വീകാര്യതയാണ് ലഭിച്ചത്.

## റൺ കേരള റൺ

കേരളത്തിന്റെ സ്വപ്നമായിരുന്ന നാഷണൽ ഗെയിംസ്, കേരളത്തിൽ വെച്ചു നടത്തുന്ന അഭിമാനമുഹൂർത്തത്തിൽ പങ്കുചേരാൻ ഫാത്തിമാകോളേജിനു കഴിഞ്ഞു. കലാലയത്തിലെ വിദ്യാർത്ഥികളെ മുഴുവൻ ഒരു കുടക്കീഴിൽ കൂട്ടയോട്ടത്തിനു കൊണ്ടുപോകാൻ യൂണിയനു കഴിഞ്ഞത് വലിയ കാര്യമായി കാണുന്നു. വിദ്യാർത്ഥികളും, അധ്യാപകരും ഊർജ്ജസ്വലതതോടെ പങ്കെടുത്ത കൂട്ടയോട്ടത്തിൽ ഫിസിക്കൽ ഡിപ്പാർട്ട്മെന്റിന്റെ സഹകരണം എടുത്തുപറയേണ്ടതാണ്.

## വിമൺസ് ഡേ

ഫാത്തിമ കലാലയത്തിലെ പെൺകുട്ടികൾ മാത്രം ചേർന്നു നിർഭയ എന്ന നാമത്തിൽ വനിതാദിനം ആഘോഷിച്ചു. അണിയറയിലും, അരങ്ങിലും പെൺകുട്ടികൾ മാത്രം എന്നത് വനിതാദിനത്തിന്റെ മാറ്റ് വർദ്ധിപ്പിച്ചു. വൈസ് ചെയർമാൻ നന്ദിനി പത്മനാഭൻ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ ജഗതി ശ്രീകുമാറിന്റെ മകളും, പുതുമഖ നടിയുമായ കുമാരി ശ്രീലക്ഷ്മി ശ്രീകുമാറിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഡോ. ശോഭ, ഡോ. അനിതാകുമാരി എന്നിവർ സംസാരിച്ചു. വനിതാസെൽ കൺവീനർ ഡോ: പാർവ്വതിയായിരുന്നു വനിതാദിനത്തിൽ സ്വാഗത ആശംസിച്ചത് വൈവിധ്യമാർന്ന പാരിപാടികൾ നടത്തുവാൻ വനിതാദിനത്തിൽ കഴിഞ്ഞു.

## കേരള സർവ്വകലാശാല യുവജനോത്സവം 2015

2015 മാർച്ചിൽ കൊല്ലത്തുനടന്ന കേരള സർവ്വകലാശാല യുവജനോത്സവം, കൊല്ല ത്തിന്റെ ഉത്സവമായി മാറി. യുവജനോത്സവുമായി ബന്ധപ്പെട്ട് യൂണിയന്റെ നേതൃത്വത്തിൽ ഘോഷയാത്ര നടത്തുവാനായി പ്രോഗ്രാം കമ്മിറ്റി, വോളന്റിയർ കമ്മിറ്റി, ഘോഷയാത്ര കമ്മിറ്റി എന്നിവ രൂപീകരിക്കുവാൻ യൂണിയനു കഴിഞ്ഞു. ഫാത്തിമയിൽ നിന്നുള്ള വിദ്യാർത്ഥികളെ മികച്ച രീതിയിൽ പങ്കെടുപ്പിക്കാനും മറ്റ് സഹായ സഹകരണങ്ങൾ ഉറപ്പാക്കാനും യൂണിയനു കഴിഞ്ഞു. ഡോ: ജോജോയും ചെയർമാർ കെ.ആർ. അതുലും ആയിരുന്നു പ്രോഗ്രാം കമ്മിറ്റി നയിച്ചത്. യു.യു.സി കെ. സനുവാണ് വോളന്റിയർ കമ്മിറ്റി നിയന്ത്രിച്ചത്. മാഗസിൻ എഡിറ്റർ അഭിലാഷ് എ.എൽ. രജിസ്ട്രേഷൻ കമ്മിറ്റി നയിച്ചു.

## കോളജ് ഡേ

സമന്വയ കലാലയയൂണിയൻ കോളജ് ഡേ 2015 മാർച്ച് 2 ന് നടത്തുകയുണ്ടായി. സുപ്രസിദ്ധ ഹാസ്യതാരം ശ്രീ. അനൂപ്ചന്ദ്രനായിരുന്നു കോളജ് ഡേ ഉദ്ഘാടനം ചെയ്തത്. ചെയർമാൻ കെ.ആർ. അതുൽ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ പ്രിൻസിപ്പാൾ ഡോ: സിസ്റ്റർ സൂസമ്മ കാവുപുറത്ത്, യു.യു.സി. സനു, പ്രേം, ഡോ. മനോഹർ മുല്ലശ്ശേരി, ഡോ: അഖില തോമസ് എന്നിവർ സംസാരിച്ചു. വിദ്യാർത്ഥികളും, അധ്യാപകരും ഒരു പോലെ അഭിനന്ദിച്ച മികച്ച കലാപരിപാടികൾ കോളജ്ഡേയിൽ നടത്താൻ യൂണിയനു കഴിഞ്ഞു.

## കോളജ് യൂണിയൻ ഭാരവാഹികൾ

| | | | |
|---|---|---|---|
| ചെയർമാൻ | - കെ. ആർ. അതുൽ | ലേഡി റെപ്പ് | - ആർച്ചാസുരേഷ്, ജൂഡി ബി. എസ് |
| വൈസ് ചെയർമാൻ | - നന്ദിനി പത്മനാഭൻ. എസ് | Ist year Rep | - വൈശാഖ് ബൈജു |
| ജനറൽ സെക്രട്ടറി | - എജിൻ സാമുവൽ | IInd year Rep | - ഷെനീസ്. എസ് |
| ആർട്സ് ക്ലബ്ബ് സെക്രട്ടറി | - നിക്സൺ ഡോണൽ | IIIrd year Rep | - സോജു. എൽ.ജെ |
| മാഗസിൻ എഡിറ്റർ | - അഭിലാഷ് എ.എൽ | | |
| യു.യു.സി | - സനു. കെ, പ്രേംരാജ്. ആർ | | |





Scanned with CamScanner



# ഒരോർമ്മ

ആദ്യമായി ഫാത്തിമയെ കാണുന്നത് അഡ്മിഷനു ഫോം തിരക്കി വരുമ്പോഴാണ്. പക്ഷേ കേട്ടിരുന്നു കേൾക്കാതിരിക്കാൻ എനിക്ക് കഴിയുമായിരുന്നില്ല. ചേച്ചിമാരൊക്കെ ഫാത്തിമയിൽപഠിച്ചവരായിരുന്നു. മുന്നുനിലകളിൽ നിവർന്നു നിൽക്കുന്ന ഫാത്തിമയെ കണ്ട എന്റെ നെഞ്ചൊന്ന് പതറി. പിന്നെ ഒരാശ്വാസം തോന്നി. ഇത്രയും വലിയ ഇടനാഴികളിൽ ഒരുപൊട്ടുപോലെ നിൽക്കുന്ന എന്ന ആരു ശ്രദ്ധിക്കാനാണ്. ക്ലാസ്സ് തുടങ്ങി ഒരുമാസം കഴിഞ്ഞ് വന്നതുകൊണ്ട്, അമ്മയുടെ കൂടെ വരാൻ കഴിഞ്ഞില്ല, പതിവു സ്വാഗതങ്ങൾ കിട്ടിയതുമില്ല. ക്ലാസ്സിലും കോളേജിലും എല്ലാവർക്കും അപരിചതൻ, ആദ്യം ഞാൻ ഏകാകിയായിരുന്നു. പിന്നീട് സുഹൃത്തുക്കളെ ലഭിച്ചു തുടങ്ങി.

മനസ്സിൽ വിപ്ലവം നിറച്ചുനടക്കുന്ന ഒരു കൂട്ടം സഖാക്കളെ ഞാൻ പരിചയപ്പെട്ടു. അവരിൽ സൗഹൃദത്തിന്റെ സത്യവും, ധൈഷണികതയുടെ തീയും ഉണ്ടായിരുന്നു. പ്രിൻസിപ്പാൽ ഡോ: സൂസമ്മകാവും പുറത്തെപ്പറ്റി, ഭയാനകമായ ഒരു ചിത്രമാണ് എനിക്കാദ്യം ലഭിച്ചത്. കഥകൾ കേട്ട് ഞാൻ നടുങ്ങി. സിസ്റ്ററിനെകാണുമ്പോൾ ഭയമുണ്ടായി. പക്ഷേ, ആ മനസ്സിനെഈ അടുത്ത കാലത്തുമാത്രമാണ് എനിക്ക് അടുത്തറിയായൻ സാധിച്ചത്. ഞാൻ കേട്ട കർക്കശ സ്വഭാവത്തിന്റെ ഫലമായിരുന്ന ഫാത്തിമയുടെ ഉയർച്ച എന്ന് ഇപ്പോൾ മനസ്സിലാക്കുന്നു. കൂടുതൽ അടുക്കുന്നതിന് മുമ്പ് സിസ്റ്റർ ഫാത്തിമയിൽ നിന്നു പോവുകയും ചെയ്തു.

ക്ലാസ്സുകളെ ഓർക്കുമ്പോൾ ആദ്യം മനസ്സിലേക്കെത്തുന്നത് മേരിടീച്ചറിന്റെ മലയാളം ക്ലാസ്സാണ്. ഞാനേറ്റവും ആസ്വദിച്ചിരുന്ന ക്ലാസ്സായിരുന്നു ടീച്ചറിന്റേത്. തിരക്കിലാണെന്ന മുഖഭാവത്തോടെ, എപ്പോഴും വേഗത്തിൽ നടക്കുന്ന രാധിക ടീച്ചറിനെ ഓർമ്മവരുന്നു. കോളേജിലെ 'കില്ലാടി' ടീമുകൾക്കുപോലും രാധിക ടീച്ചറിനോട് വലിയ ബഹുമാനമായിരുന്നു. ടീച്ചറിന്റെ ഇംഗ്ലീഷ് ക്ലാസ്സുകളിൽ അത്ഭുതത്തോടെയും അഭിമാനത്തോടെയും ഞാനിരുന്നു. മനസ്സ് നിറയെ സിനിമകളുമായി ഫ്രാൻസിസ് മോറിസ് സാർ തന്റെ പതിവു ശൈലിയിൽ ഒന്നുയർന്നുതാണ് നടന്നുവരുന്നു. ഇതുപൊലൊരു സാറിനെ ഫാത്തിമകോളജ് മുൻപ് കണ്ടിരിക്കാൻ ഇടയില്ല. മനസ്സിൽ സിനിമാ സ്വപ്നവുമായി നടക്കുന്ന എന്നെപ്പോലെ നിരവധി പേരുടെ ആകർഷണ മായിരുന്നു ഫ്രാൻസിസ്സ്സാർ. സിനിമയുടെ സാങ്കേതികളെകുറിച്ചുപോലും അദ്ദേഹത്തിന് അവഗാഹമായ അറിവുണ്ടായിരുന്നു. സംവിധായകനാകണമെന്ന നിരന്തര സ്വപ്നവുമായി വന്നയെന്നെ ആ സ്വപ്നം സാക്ഷാത്കരിക്കാൻ പ്രേരിപ്പിച്ചത് പ്രിയപ്പെട്ട ഫാത്തിമായാണ്. ആദ്യമായി ചെയ്ത ഷോർട്ട് ഫിലിമിൽ എന്റെ ഒരുപാടുനാളത്തെ സ്വപ്നം നിറഞ്ഞുനിന്നിരുന്നു. ഹെൻഷാ എന്റെ നായകാ, ഞാൻ എന്നെങ്കിലും ഒരു വലിയ സിനിമ ചെയ്യുമെങ്കിൽ നീയാകും അതിലെ നായകൻ ഉറപ്പ്.

ചെയർമാൻ അതുൽ, ഞാൻ തന്നെ പരിചയപ്പെടാൻ വൈകിയിരുന്നു. പക്ഷേ, നീ എന്നോട് ഒരു പാട് നാളത്തെ പരിചയം കാണിച്ചു. നിന്നെപറ്റി പറയുമ്പോൾ ഒരു വാനമ്പാടിയുടെ സ്വരം എന്റെ കാതിൽ വന്നു തട്ടുന്നു. നിങ്ങളുടെ പ്രണയത്തിൽ ക്യാമ്പസിലെ സാധാരണപ്രണയത്തിനപ്പുറം ആത്മാർത്ഥ ഉണ്ടായിരുന്നതായി എനിക്ക് തോന്നിയിട്ടുണ്ട്. നിങ്ങളുടെ പ്രണയം സഫലമാകട്ടെ.

സനു, സഖാവ് സനു എന്നു വിളിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നീ ശരിക്കും സഖാവായിരുന്നു. പ്രത്യയശാസ്ത്രങ്ങളെ മുറക്കെപ്പിടിച്ച നേതാവ്. മുണ്ടുടുത്ത് സൈപ്രെസ് മരത്തിന്റെ ചുവട്ടിൽ നിന്നിരുന്ന നിന്നെ ഞാൻ എങ്ങനെ മറക്കും.

നീളം കൊണ്ട് ഞാൻ എന്നും ഉയർന്നു നോക്കിയിരിക്കുന്ന പ്രിയപ്പെട്ട ജയകൃഷ്ണൻ. നമ്മുടെ രണ്ടുപേരുടെയും, പ്രത്യയശാസ്ത്രങ്ങൾ രണ്ടായിരുന്നു, പക്ഷ ജെ.കെ. നീ എനിക്കെന്നും ഠ. നീ ഒരിക്കലും ഒരു രാഷ്ട്രീയക്കാരനാകില്ലെന്ന് ഞാൻ



Scanned with CamScanner

പ്രോത്സാഹനം തന്നിരുന്നു. നിന്റെ പ്രതികരണ ശേഷിയും ധൈഷണികതയും എല്ലാവർക്കുമുണ്ടെങ്കിൽ എന്ന് ഞാൻ ആലോചിട്ടുണ്ട്. ഈ വ്യത്യാസമായിരുന്നു എനിക്ക് നിന്നിൽ തോന്നിയ ആകർഷണം. നീ ഒരിക്കലും ഒരു രാഷ്ട്രീയക്കാരനാകില്ലെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

മറക്കാനാകാത്ത ഒരു പേരുണ്ട് വിഷ്ണു രാധൻ കോളജിലെ ആസ്ഥാനകലാകാരൻ. രാധൻ എന്ന് എല്ലാവരും വിളിക്കണമെന്ന് ആഗ്രഹിച്ചവൻ. നമ്മൾ ഒരുമിച്ച് കലയെ ഹൃദയത്തിൽ കൊണ്ടുനടന്നു. സിനിമയെ ഹൃദയത്തിൽ താലോലിച്ചു. നീ തീർച്ചയായും സിനിമയിൽ എത്തുമെന്ന് എനിക്കാറിയാം.....

എജിൻ നിന്നെ ഞാൻ ഇതുവരെ ഓർക്കാതിരുന്നത്, നിന്നെപ്പറ്റി എന്താണ് എഴുതുകയെന്ന സംശയത്തിലാണ് ഓർക്കാൻ ഒരു പാടുണ്ട് കോളജിലെ ഏറ്റവും പ്രശസ്തൻ നീയാണെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. നീയുണ്ടാക്കിയ ബന്ധങ്ങൾ കണ്ട്, ഒരാൾക്ക് ഇങ്ങനെസുഹൃദ് വലയം സൃഷ്ടിക്കാനാകുമോ എന്ന് ഞാൻ ചിന്തിച്ചിട്ടുണ്ട്. ഒരു ചുരുണ്ട മുടിക്കാരൻ ഓർമ്മയിലേക്ക് നടന്നുവരുന്നു. ആർട്സ് ക്ലബ്ബ് സെക്രട്ടറി നിക്സൺ, കലയും കായികവും അത്ഭുതമായി ഒരാളിൽ എങ്ങനെ വൈരുദ്ധ്യമില്ലാതെ സമ്മേളിക്കുന്നു എന്ന കാഴ്ച നിന്നിലൂടെ ഞാൻ കണ്ടു. വർഷങ്ങൾക്കുശേഷം നിന്റെ പേര് ഉയർന്നു കേൾക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഫാത്തിമയോട് വിടപറയുമ്പോൾ നൊമ്പരമായി മനസ്സിൽ നിറയുന്ന ഒരു പേരുണ്ട്, ജോബിൻ ഇവിടെയെത്തുന്നതിനു മുമ്പേ എന്റെ പ്രിയ സുഹൃത്തായിരുന്നവൻ. നമ്മൾ ഒരുമിച്ചാണ് ഫാത്തിമയിലേക്ക് വന്നത്, പക്ഷേ പോകുമ്പോൾ നീയില്ലല്ലോ പ്രിയപ്പെട്ടവനെ, ഞാൻ ഇലക്ഷനിൽ നിൽക്കുമെന്നും, നേതാവാകുമെന്നും ആഗ്രഹിച്ചവരിൽ നീയായിരുന്നല്ലോ ഒന്നാമൻ മരണത്തിന് മായ്ക്കാൻ കഴിയാത്ത എന്റെ മനസ്സിലെ മുഖങ്ങളിൽ മരണത്തിനപ്പുറവും നീ ജീവിക്കുന്നു.

ഇനിയും ഒരുപാടുപേരുകൾ എന്റെ മനസ്സിൽ തിരയടിക്കുന്നതുപോലെ വന്നുതട്ടുന്നു. ഓർക്കാനും, പറയാനും, ഒരു പാടുപേർ. എല്ലാവരെയുംപറ്റി എഴുതണമെന്നുണ്ട്. നിങ്ങൾ ചാരമാകുന്ന പേപ്പറുകളിൽ വന്നില്ലെങ്കിലും, ഫാത്തിമയിൽ കാലം അതിന്റെ ഭാഷയിൽ നിങ്ങളെ എഴുതിവെക്കുന്നു. എന്റെ മനസ്സിലും

പെൺകുട്ടികളെ പറ്റി ഞാൻ ഒന്നും പറഞ്ഞില്ലല്ലോ പെണ്ണിനെപറ്റിയുള്ള എല്ലാവിധ ധാരണകളെയും തിരുത്തിയ ധാരാളം പെൺസുഹൃത്തുക്കൾ എനിക്കുണ്ടല്ലോ. നിങ്ങളെയെല്ലാം എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളെ എന്ന ഒറ്റവരിയിൽ ഞാൻ വിളിക്കട്ടെ. ഇനി ആരാണ്, ലൈബ്രറി, എന്റെ സന്തത സഹചാരി, സ്ഥിരം താവളം, ഫാത്തിമയിലെ എന്റെ ലൈബ്രറിയിൽ ഇരിക്കുമ്പോൾ പുറംലോകത്തെ ഞാൻ മറക്കുന്നു.

താവളം, ഫാത്തിമയിലെ എന്റെ ലൈബ്രറിയിൽ ഇരിക്കുമ്പോൾ പുറംലോകത്തെ ഞാൻ മറക്കുന്നു.
വല്ലാത്തൊരു സന്തോഷം ലൈബ്രറി എനിക്കു നൽകിയിരുന്നു. എത്രയോ ദിവസങ്ങളിൽ സമയം നോക്കാതെ ഞാനവിടെ ഇരുന്നു വായിച്ചിരിക്കുന്നു. മാധവിക്കുട്ടിയും, പത്മരാജനും, എം.ടിയും, കെ.പി.അപ്പനുമൊക്കെ എന്റെ ആരാധനപാത്രങ്ങളാകുന്നത് ഇവിടെ വെച്ചായിരുന്നു. ആഡിറ്റോറിയത്തിലെ ഇരമ്പൽ ഞാൻ കേൾക്കുന്നു. കാതടിപ്പിക്കുന്ന ആരവങ്ങൾക്ക് ഫാത്തിമ എത്രയോതവണ സാക്ഷിയാകുന്നു. കൂവലുകൾക്കും, ചൂളംവിളികൾക്കുംമിടയിൽ പ്രോത്സാഹനത്തിന്റെ നിലയ്ക്കാത്ത കരഘോഷങ്ങളും കേട്ടുകൊണ്ടിരുന്നു. ഇനി ഒരു പക്ഷേ ഈ ആവേശത്തെ കാണാൻ സാധിക്കുമോ, എന്ന് അറിയില്ല. അത്ഭുതപ്പെടുത്തിയ എത്രയോ കലാപ്രകടനങ്ങൾക്ക് തലമുറകളായി സാക്ഷിയാകുന്ന ആ സ്റ്റേജിനോട് വലിയ ബഹുമാനം തോന്നുന്നു.

പ്രണയത്തെപ്പറ്റി ഞാൻ ഒന്നും പറഞ്ഞില്ല. മനപൂർവം പറയാത്തതാണ്. പ്രണയം തോന്നിയവരൊന്നും തിരിച്ചറിഞ്ഞില്ല. തിരികെ പ്രണയം നൽകിയവരോട് വേണ്ട എന്നുപറഞ്ഞു.

ഇനിയും എന്തൊക്കെയോ എഴുതണമെന്ന് തോന്നുന്നു, കഴിയുന്നില്ല. മനസ്സ് വിതുമ്പുന്നു. ഇത്രയും ഓർത്തപ്പോൾ ഞാൻ ഫാത്തിമയിൽ നിന്ന് വൈകാതെ പോകുന്നു എന്ന ചിന്തയാൽ മനസ്സ് നീറുന്നു. നഷ്ടങ്ങളുടെ സുഖമുള്ള അനുഭൂതി ഈ തണുത്തസന്ധ്യയിൽ ഇതെഴുതുമ്പോൾ ഞാനറിയുന്നു. ഞാൻ ഫാത്തിമയിൽ എന്തായിരുന്നു. ഒന്നുമല്ലായിരുന്നു. എന്തൊക്കെയോ ചെയ്യാൻ ശ്രമിച്ചു, ആകാൻ ശ്രമിച്ചു, അതുമാത്ര മേയുള്ളു. അതിനുമപ്പുറം ഒന്നുമില്ലായിരുന്നു.. ശരവേഗത്തിൽ പാഞ്ഞുപോയ മൂന്നുവർഷത്തിൽ എനിക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ല. പക്ഷേ ആർക്കൊക്കെയോ എന്റെ മുഖം പരിചിതമാണ്. എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളോട്, ഗുരുക്കന്മാരോട് വിടപറഞ്ഞ് ഞാൻ തിരികെ നടക്കുന്നു. ക്വാഡ്രാംഗിളും, എരുമക്കുളവും, കർബലയും, പ്ലാറ്റ്ഫോമും സാക്ഷികളാകുന്നു. ശക്തിയായി വീശുന്ന കാറ്റിൽ പാടുപെട്ടു ഫാത്തിമയുടെ ഗേറ്റ് എനിക്കുവേണ്ടി തുറന്നുതരുന്ന അച്ചായൻമാർ, അവസാനത്തെ വരികൾ ഇവർക്കാണ്. തലമുറകളെ, സ്വാഗതം ചെയ്തും, മടക്കി അയച്ചും, ഇരുമ്പ്ഗേറ്റ് തുറക്കുകയും അടക്കുകയും ചെയ്യുന്ന അച്ചായൻമാർ, ഇപ്പോൾ എനിക്കുവേണ്ടിയും നിങ്ങൾ ഗേറ്റ് തുറക്കുന്നു.

മാഗസിൻ എഡിറ്റർ

**അഭിലാഷ് എ.എൽ**





Scanned with CamScanner